**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2245** **14-10-2024 - ൽ മറുപടിയ്ക്ക്**

**എൻ.ഡി.പി.സി. നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മദ്യം ഒഴികെയുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം തരത്തിലുള്ള മയക്കുമരുന്നുകളാണ് സംസ്ഥാനത്ത് കണ്ടെത്തിയിട്ടുള്ളത്; ഉപഭോക്താക്കളിൽ മയക്കുമരുന്നുകൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | മുൻ വർഷങ്ങളിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വിലയിരുത്തുമ്പോൾ മദ്യം ഒഴികെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതായി കാണുന്നു. കഞ്ചാവും സിന്തറ്റിക് ഡ്രഗുകളായ എം.ഡി.എം.എ., എൽ.എസ്.ഡി., മെത്തഫിറ്റമിൻ, നൈട്രേസെഫാം, നൈട്രേസെഫാം ടാബ്ലറ്റ്, ഹാഷിഷ് ഓയിൽ തുടങ്ങിയ ലഹരി വസ്തുക്കളാണ് അധികമായി കണ്ടെടുത്തുവരുന്നത്. ലഹരി വസ്തുക്കളുടെ ഉപയോഗം ലഹരി ഉപയോഗിക്കാനുള്ള ആസക്തിയിലേക്കും ലഹരി ഇല്ലാതെ ജീവിതം സാധ്യമല്ല എന്ന അവസ്ഥയിലേക്കും എത്തിക്കുന്നു. കൂടാതെ മയക്കുമരുന്നുകൾ ശാരീരികവും മാനസികവുമായ തകരാറുകൾക്ക് കാരണമാകുന്നു. ലഹരി ഉപയോഗം വ്യക്തികളെ സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങളിലേയ്ക്ക് നയിക്കുന്നു. |
| (ബി) | 2014 മുതൽ എക്സൈസ് വകുപ്പ് പിടികൂടിയ മയക്കുമരുന്നിന്റെ അളവ്, വില എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങളും നടത്തിയ പരിശോധന/റെയ്ഡ് എന്നിവയുടെ എണ്ണവും വ്യക്തമാക്കുമോ; | (ബി) | 2014 മുതൽ എക്സൈസ് വകുപ്പ് 855194 പരിശോധനകൾ നടത്തിയിട്ടുണ്ട്. ടി പരിശോധനകളിലായി കണ്ടെടുത്തിട്ടുള്ള മയക്കുമരുന്നുകളുടെ അളവ് അനുബന്ധമായി ചേർത്തിരിയ്ക്കുന്നു. കണ്ടെത്തിയ മയക്കുമരുന്നുകൾക്ക് അന്താരാഷ്ട്ര വിപണിയിൽ ഉദ്ദേശം 544 കോടി രൂപ മതിപ്പ് വില കണക്കാക്കാം. |
| (സി) | എൻ.ഡി.പി.സി. നിയമം പ്രകാരം സംസ്ഥാനത്ത് 2014 മുതൽ രജിസ്റ്റർ ചെയ്ത കേസുകളുടെയും അറസ്റ്റ് ചെയ്തവരുടെയും എണ്ണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ദേശീയ ശരാശരി എത്രയാണ് എന്നറിയിക്കാമോ; | (സി) | എൻ.ഡി.പി.എസ്. നിയമം പ്രകാരം സംസ്ഥാനത്ത് 2014 മുതൽ 2024 സെപ്റ്റംബർ വരെ 53787 കേസുകൾ രജിസ്റ്റർ ചെയ്ത്, ടി കേസുകളിലായി 52897 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ദേശീയ ശരാശരി സംബന്ധിച്ച വിവരം ലഭ്യമല്ല. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം കേസുകളിൽ പിടിക്കപ്പെടുന്നവരുടെ തൊഴിലും പ്രായവും ആശങ്കയുളവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ഡി) | കഴിഞ്ഞ 10 വർഷമായി സംസ്ഥാനത്ത് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളിൽ ഉൾപ്പെട്ടവരുടെ പ്രായം, തൊഴിൽ എന്നിവ പരിശോധിച്ചതിൽ ഭൂരിഭാഗം പേരും 18 നും 40 നും ഇടയിൽ പ്രായമുള്ളവരാണ്. കൗമാര പ്രായത്തിലുള്ളവർക്ക് ലഹരി ഉപയോഗത്തിനെതിരെ പ്രത്യേക കൗൺസിലിംഗ് നൽകുന്നുണ്ട്. |
| (ഇ) | സ്കൂൾ കുട്ടികൾ, വിദ്യാർത്ഥിനികൾ എന്നിവർ ഇത്തരം കേസുകളിൽ പെടുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | സംസ്ഥാനത്ത് സ്കൂൾ കുട്ടികൾ ഉൾപ്പെട്ട 154 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വർദ്ധിച്ചു വരുന്ന സോഷ്യൽ മീഡിയയുടെ സ്വാധീനവും കുടുംബ ബന്ധങ്ങളിലെ വിള്ളലുകളും സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയുള്ള മദ്യ-മയക്കുമരുന്ന് മാഫിയകളുടെ ഇടപെടലുകളും കുട്ടികളെ ലഹരി ഉപഭോഗത്തിലേയ്ക്കും തുടർന്നുള്ള പ്രശ്നങ്ങളിലേയ്ക്കും നയിക്കുന്നു. വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പ് സ്കൂൾ, കോളേജ് തലങ്ങളിൽ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ മയക്കുമരുന്നു മാഫിയയുടെ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കുട്ടികൾക്ക് ലഹരി ഉപയോഗത്തിനെതിരെ കൗൺസിലിംഗും, കൂടാതെ ചികിത്സയും ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | |
|---|---|
| കഞ്ചാവ് | 23743.466 കി.ഗ്രാം |
| കഞ്ചാവ് ചെടി | 19903 എണ്ണം |
| ഹാഷിഷ് | 72.176 കി.ഗ്രാം |
| ഹാഷിഷ് ഓയിൽ | 130.79 കി.ഗ്രാം |
| ലഹരി ഗുളികകൾ | 70099 എണ്ണം |
| മെത്താഫിറ്റാമിൻ | 29.12 കി.ഗ്രാം |
| എം.ഡി.എം.എ | 19.449 കി.ഗ്രാം |
| ബ്രൗൺഷുഗർ | 1.882 കി.ഗ്രാം |
| ഓപ്പിയം | 5.79 കി.ഗ്രാം |
| ചരസ് | 3.112 കി.ഗ്രാം |
| എൽ.എസ്.ഡി | 103.84 ഗ്രാം |
| ഹെറോയിൻ | 7.395 കി.ഗ്രാം |
| ആംപ്യൂൾസ് | 386 എണ്ണം |
| കൊഡൈൻ | 1.5 ഗ്രാം |
| കൊക്കെയിൻ | 13.45 ഗ്രാം |
| മാജിക് മഷ്റൂം | 0.515 ഗ്രാം |
| മെഫന്റർമൈൻ സൽഫേറ്റ് (ഐ.പി) | 74 മി.ഗ്രാം |
| ട്രമഡോൾ | 0.002 ഗ്രാം |

**സെക്ഷൻ ഓഫീസർ**